# ഗവ.എൽ.പി.സ്കൂൾ കുന്നുംകൈ

## വിദ്യാലയ വികസനപദ്ധതി

### പൊതുവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിൻറെ പേര് | : | ഗവ.എൽപി സ്കൂൾ കുന്നുംകൈ |
| ഗ്രാമം | : | ഭീമനടി |
| വാർഡ് | : | 1 കുന്നുംകൈ |
| ക്ലസ്റ്ററിൻറെ പേര് | : | ഗവ.എൽ.പി.സ്കൂൾ, കുന്നുംകൈ |
| ഗ്രാമപഞ്ചായത്ത് | : | വെസ്റ്റ് എളേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | പരപ്പ |
| വിദ്യാഭ്യാസ ഉപജില്ല | : | ചിറ്റാരിക്കാൽ |
| പ്രധാനധ്യാപകന്റെ പേര് | : | അലോഷ്യസ് ജോർജ് |

# ആമുഖം

1954 ൽ ആണ് ഈ വിദ്യാലം പിറവിയെടുത്തത്. ഇതിനു മുൻപ് തന്നെ ഈ പ്രദേശ ത്ത് എഴുത്തുപള്ളിക്കൂടം നാട്ടുകാരുടെ മുൻകൈയോടെ പ്രവർത്തിച്ചിരുന്നു. 1956 ൽ അന്നത്തെ ദക്ഷിണകാനറ ജില്ലാ ബോർഡിനു കീഴിൽ ഈ പഞ്ചായത്തിലെ പരപ്പച്ചാൽ, കമ്മാടം, ചെന്നടുക്കം എന്നിവിടങ്ങളിലെ വിദ്യാലയങ്ങൾക്കൊപ്പം ഈ വിദ്യാലയ ത്തിനും നാട്ടുകാർ കെട്ടിയൊരുക്കിയ ഓലപ്പുരയിൽ തുടക്കമായി. കൊടക്കാട് ശ്രീധരൻ മാസ്റ്ററായിരുന്നു ആദ്യ ഏകാധ്യാപകൻ.

സ്കൂളിലെ ഭൌതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും നിലവിലുള്ള സൌകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും നിരന്തരമായ ശ്രദ്ധ ആവശ്യമാണ്. വിദ്യാലയത്തി ലെത്തിച്ചേരുന്ന ഓരോകുട്ടിയുടെയും വികസനോന്മുഖ മായ ഭാവി കരുപ്പിടിപ്പിക്കുവാൻ സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും അവയുടെ നിർവഹണത്തിൽ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും പങ്കാളിത്തവും മുൻകൈയും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെയാണ് വിദ്യാലയ വികസനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും അവരിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിച്ച് ഒരു പുതുതലമുറയെ വളർത്തിയെടുക്കുവാനും കഴിയുന്ന തരത്തിൽ ഈ അധ്യയനവർഷത്തെ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് അധ്യാപക പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിലും അവ പ്രായോഗികമായി പ്രയോജ നപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. സ്കൂളിലെ ചുമതലകൾ വിഭജിച്ചെടുക്കുന്നതിൽ അധ്യാപകർ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. രക്ഷിതാക്കളുമായി നിരന്തരമായ സമ്പർക്കം പുലർത്താനും ശ്രദ്ധചെലുത്തിയിട്ടുണ്ട്. ക്ലാസ് പി.റ്റി.എ കളിലെ പങ്കാളിത്തത്തിൽ ഇത് പ്രതിഫലിച്ച് കാണാം. എന്നാൽ ക്ലാസ് ചുമതലകൾ കഴിഞ്ഞാൽ ഏറെ സമയം പൊതുചുമത ലകൾക്കായി ലഭിക്കുന്നില്ലെന്നത് പ്രധാനപോരായ്മയാണ്.

കലാവിദ്യാഭ്യാസവും കായികവിദ്യാഭ്യാസവും പാഠ്യപദ്ധതിയുടെ ഭാഗമായിത്തീർന്ന സാഹചര്യത്തിൽ ഈ മേഖലകളിൽ സവിശേഷപരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ലഭ്യമല്ല എന്നത് ഗൌരവമായ പോരായ്മയാണ്.

ഇന്ന് നാട്ടിലെ ഏറ്റവും അടിത്തട്ടിലുള്ള ദിവസക്കൂലിക്കാരോ... പാവപ്പെട്ടവരോ ആയ ആളുകളുടെ കുട്ടികളാണ് ബഹുഭൂരിപക്ഷവും. കുട്ടികളുടെ പഠനകാര്യങ്ങളിൽ നല്ല ശ്രദ്ധ വെച്ച് പുലർത്തുന്നവരാണ് അധികം പേരും എങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തവരുമുണ്ട്. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ കുറവാണ്.

സ്കൂളിലെ ലഭ്യമായ സൌകര്യങ്ങൾ പ്രയോജനപ്പെടുത്തി പഠനരംഗത്തും കലാമേളകളിലും ശാസ്ത്ര ഗണിത പ്രവൃത്തിപരിചയമേളകളിലും നേട്ടങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വായനാപ്രവർത്തനങ്ങൾ ചെറിയ ക്ലാസുകളിൽ തന്നെ ആരംഭിക്കുന്നതിനായി ക്ലാസ്തല ലൈബ്രറിയും പുസ്തകവിതരണവും കാര്യക്ഷമമായി നടത്തി.

എന്നാൽ കളിസ്ഥലം ഇല്ലാത്തത് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കായിക മേളകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനു മാത്രമല്ല കുട്ടികൾക്ക് ദിവസേന കളിക്കുന്ന തിനും സ്ഥലസൌകര്യമില്ല.

# കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച്- 2025-26

| | BOYS | GIRLS | TOTAL |
|---|---|---|---|
| I | 8 | 6 | 14 |
| II | 8 | 6 | 14 |
| III | 12 | 10 | 22 |
| IV | 8 | 9 | 17 |
| TOTAL | 36 | 31 | 67 |

# വിദ്യാലയമികവ് - കാഴ്ചപ്പാട്

- കുട്ടികളെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റവരാക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.
- വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയെയും അവരുടെ സവിശേഷതകൾ കണ്ടറിഞ്ഞ് വളരാനും വികസിക്കാനുമുള്ള അവസരം സൃഷ്ടിക്കുക.
- അതിനനുസൃതമായി സ്കൂളും പരിസരവും രൂപപ്പെടുത്തുക.
- സ്കൂൾ പഠന പാഠാനുബന്ധ പ്രവർത്തനങ്ങളിൽ ഓരോ കുട്ടിക്കും പങ്കാളിത്തം – പരിഗണന
- ശുചിത്വബോധം, പരിസ്ഥിതി അവബോധം, ജനാധിപത്യ ബോധം, മതനിരപേക്ഷ ചിന്ത, എന്നിവ രൂപപ്പെടുന്നതിനുംവികസിപ്പിക്കുന്നതിനും സാഹചര്യങ്ങൾ ഒരുക്കൽ, പ്രത്യേക പരിഗണന ഓരോ കുട്ടിക്കും ഉറപ്പുവരുത്തുക, ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷികളും പഠനനേട്ടങ്ങളും ആർജ്ജിക്കുക.
- സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെയും കുട്ടികൾക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തു കയും ചെയ്യുക.
- എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കുക.

# ലക്ഷ്യങ്ങൾ

## ഭാഷാപഠനം ( മലയാളം , ഇംഗ്ലീഷ്, അറബിക്)

- അക്ഷരങ്ങൾ തിരിച്ചറിയുന്നു.
- ഉള്ളിലുള്ള ആശയത്തെ സ്വതന്ത്രമായി അവതരിപ്പിക്കുന്നു.(ആശയവിനിമയം ചെയ്യുന്നു.)
- വാക്കുകൾ/വാക്യങ്ങൾ വായിക്കുന്നു, എഴുതുന്നു.
- മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷകളിൽ സംസാരിക്കാനും വായിക്കാനും എഴുതാനും കഴിവ് നേടുന്നു.
- സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ( രചനകൾ/ നിർമ്മാണ പ്രവർത്തനങ്ങൾ) ഏർപ്പെടാനുള്ള കഴിവ് നേടുന്നു.
- സ്വതന്ത്ര വായന, അധികവായന എന്നിവയിലേർപ്പെടുന്നു.
- സ്വതന്ത്ര രചനകളിൽ വൈദഗ്ധ്യം നേടുന്നു.

## ഗണിതം

- ചതുഷ്ക്രിയകളിൽ ( സങ്കലനം,വ്യവകലനം, ഗുണനം, ഹരണം) വൈദഗ്ധ്യം നേടുന്നു.
- 1 മുതൽ 1000 വരെ എണ്ണാനും എഴുതാനും കഴിയുന്നു.
- ചതുഷ്ക്രിയകൾ, സംഖ്യകൾ എന്നിവ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നു.
- രസകരമായ കളികളിലൂടെയും പ്രക്രിയകളിലൂടെയും ഗണിതശേഷികൾ നേടുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- ജ്യാമിതീയരൂപങ്ങൾ പരിചയപ്പെടുന്നു. അവ നിർമ്മിക്കാനും അളവുകൾ കണ്ടെത്താനും കഴിയുന്നു.
- വിവിധ പാറ്റേണുകൾ, ഗണിതകേളികൾ തുടങ്ങിയ യുക്തിചിന്ത വികസിപ്പിക്കാനുത കുന്ന പ്രവർത്തനങ്ങളിലേർപ്പെടൽ

## പരിസരപഠനം

- പ്രകൃതിയെ നിരീക്ഷിച്ച് അടുത്തറിയുന്നു.
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ രൂപീകരിച്ച് അവതരിപ്പിക്കാനും ഉള്ള കഴിവ് നേടുന്നു.
- കൃഷിയെകുറിച്ചും കാർഷിക ഉപകരണങ്ങളെക്കുറിച്ചും അന്വേഷിച്ച് അറിയുന്നു, കൃഷിയിലേർപ്പെടുന്നു.
- ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു, മാതൃകകൾ നിർമ്മിക്കുന്നു.
- ശാസ്ത്ര പുസ്തകങ്ങൾ വായിക്കുന്നു, ശാസ്ത്രകേളികളിൽ ഏർപ്പെടുന്നു.
- വിവിധപ്രൊജക്ടുകൾ ചെയ്യുന്നു.

## കലാകായിക, പ്രവൃത്തിപരിചയ – ആരോഗ്യ വിദ്യാഭ്യാസം

- കുട്ടികളിലെ ശാരീരിക മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന്
- പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട് പാഴ്വസ്തുക്കളിൽ നിന്നും മറ്റും വിവിധ വസ്തുക്കൾ/ കളി ഉപകരണങ്ങൾ നിർമ്മിക്കുന്നു.
- വിവിധ കളികളിൽ ഏർപ്പെടുന്നതിന്. ( കളി നിയമങ്ങൾ മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യുന്നു)
- അച്ചടക്കം, നേതൃത്വഗുണം എന്നിവ വികസിപ്പിക്കുന്നതിന്.
- ലഘുവ്യായാമങ്ങളിലേർപ്പെടുന്നതിനും നല്ല ദിനചര്യകൾ, നല്ല ശീലങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും.

# അടിസ്ഥാന ശേഷി വികസനം

ഉദ്ദേശ്യം : 1,2,3,4 ക്ലാസ്സുകളിൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേപരിശീലനം.

| പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരി ക്കൽ | .പ്രീ ടെസ്റ്റ്<br>.പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>. അക്ഷരം ഉറപ്പിക്കൽ<br>. അടയാളം ഉറപ്പിക്കൽ<br>. അക്ഷരക്കാർഡ് നൽകൽ<br>. പദകാർഡ്<br>. പദനിർമ്മാണം<br>. പദകേളികൾ<br>. വാക്യങ്ങൾ നിർമ്മിക്കൽ<br>. അടിക്കുറിപ്പ്<br>. കഥ പറയൽ<br>. ചിത്രം നൽകി വാക്യങ്ങൾ നിർമ്മിക്കൽ<br>. കഥ പൂർത്തിയാക്കൽ<br>. കഥ എഴുത്ത്<br>ആസ്വാദനക്കുറിപ്പ് | ജൂൺ മുതൽ ആഗസ്റ്റ് വരെ<br>സെപ്റ്റംബർ-ഒക്ടോബർ | അധ്യാപകർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കൽ | .പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>.പുസ്തകങ്ങൾ തരംതിരിക്കൽ ( ഓരോ ക്ലാസ്സിലേക്കും)<br>.ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>.ജന്മദിനത്തിൽ ഒരു പുസ്തകം<br>.പുസ്തകവിതരണം<br>.പുസ്തക ചർച്ച<br>.വായനാനുഭവം പങ്കു വെയ്ക്കൽ<br>.അമ്മവായന<br>.ബാലമാസികകൾ<br>.പത്രവായന<br>.അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തൽ<br>. ബാലസഭ<br>. ഇ-വായന | ഒക്ടോബർ-ഡിസംബർ<br>കാലയളവ് | അധ്യാപകർ<br>പി.ടി.എ,<br>എം.പി.ടി.എ<br>ഐ.സി.ടി. കോർഡിനേ റ്റർ | |

| | | | | |
|---|---|---|---|---|
| കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക | .ഉൾച്ചേർക്കൽ പ്രവർത്തനം ( ഭിന്നശേഷി )<br>.എഴുത്ത്കൂട്ട രൂപീകരണം<br>.അടിക്കുറിപ്പ്<br>.ചുമർപത്രിക<br>.പതിപ്പ് നിർമ്മാണം<br>.കഥ പൂർത്തിയാക്കൽ<br>.ചിത്രകഥാരചന<br>.കൈയെഴുത്ത് മാസിക<br>.ആസ്വാദനക്കുറിപ്പ് | ജനുവരി<br><br>ഫെബ്രുവരി- മാർച്ച് | അധ്യാപകർ | |

# ഇംഗ്ലീഷ്

ഉദ്ദേശ്യം : ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

| പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള നൈപുണ്യം വർദ്ധിപ്പിക്കുക | . ചിത്രകഥ കേൾപ്പിക്കൽ<br>. കുട്ടിക്കവിതകൾ<br>. വീഡിയോ പ്രദർശനം<br>. വേർഡ് ഗെയിംസ്<br>. ആക്ഷൻ സോംഗ്സ്<br>. ഹലോ ഇംഗ്ലീഷ് ആക്ടിവിറ്റീസ്<br>. സംഭാഷണം<br>. ഐ.സി.ടി. ഉപയോഗിച്ച് കഥകൾ കേൾപ്പിക്കുന്നു.<br>. അധ്യാപകൻറെ നിർദ്ദേശങ്ങൾ കേൾക്കാൻ അവസരം<br>. സ്വയം പരിചയപ്പെടുത്തൽ<br>. ചിത്രവായന<br>. ഗ്രോയിംഗ് സെൻറൻസസ്<br>. ലളിതമായ വാക്യങ്ങൾ നിർ മ്മിക്കുന്നു.<br>. റോൾ പ്ലേ<br>. മൈമിംഗ്<br>. ഇംഗ്ലീഷ് വായനാമൂല ഒരുക്കുന്നു.<br>. ഭാഷയിൽ വിദഗ്ധരായ അധ്യാപകരെ പ്രയോജനപ്പെടുത്തി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>. ഇംഗ്ലീഷ് അസംബ്ലി<br>. ഇംഗ്ലീഷ് ക്ലബ്ബ്<br>. ഇംഗ്ലീഷ് ഡേ<br>. ഇംഗ്ലീഷ് ഫെസ്റ്റ്<br>. ഇംഗ്ലീഷ് പത്രവായന | ജൂൺ- ജൂലൈ<br><br>ആഗസ്റ്റ്- മാർച്ച്<br><br>ജനുവരി<br><br>ആഴ്ചയിൽ ഒന്ന്<br><br>ഫെബ്രുവരി- മാർച്ച് | അധ്യാപകർ<br><br>,,<br><br>അധ്യാപകർ | |

# പരിസരപഠനം

ഉദ്ദേശ്യം : വിദ്യാലയ അന്തരീക്ഷം പരിസ്ഥിതി സൌഹൃദമാക്കൽ

നിരീക്ഷണം, വർഗ്ഗീകരണം, താരതമ്യം, അപഗ്രഥനം തുടങ്ങിയ ശേഷികളിൽ പ്രാവീണ്യം നേടൽ

| പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| പരിസ്ഥിതി ബോധം വികസിപ്പിക്കൽ | . കുട്ടി പരിസ്ഥിതിയെ അറിയൽ<br>. പ്രകൃത് നടത്തം<br>. ചുറ്റുപാടുമുള്ള സസ്യങ്ങൾ, ജീവികൾ എന്നിവയെ നിരീക്ഷിക്കുന്നു.<br>. ജൈവ വൈവിധ്യപാർക്ക് വിപുലീകരിക്കൽ<br>. ഔഷധത്തോട്ട നിർമ്മാണം, നവീകരണം<br>. ശലഭോദ്യാനം<br>. പച്ചക്കറിത്തോട്ട നിർമ്മാണം<br>. ജൈവവേലി<br>. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്<br>. ജൈവ-അജൈവ മാലിന്യങ്ങ ളുടെ നിക്ഷേപം<br>. സയൻസ് ലാബ് നവീകരിക്കൽ<br>. സയൻസ് ക്ലബ്ബ്<br>. സയൻസ് കോർണർ<br>. ശാസ്ത്രദിനാചരണങ്ങൾ<br>. സയൻസ് മാഗസിൻ<br>. ശാസ്ത്രപ്രദർശനങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ | |

# ഗണിതം

**ഉദ്ദേശ്യം : ഗണിതത്തിൻറെ അടിസ്ഥാനശേഷികളിൽ പ്രാവീണ്യം നേടുന്നു.**

| പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കുന്നു.<br><br>ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുന്നു | . പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>. ഉല്ലാസഗണിതം/ ഗണിതവിജയം പ്രവർത്തനങ്ങൾ നൽകുന്നു.<br>. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ചതുഷ്ക്രിയകൾ കണ്ടെത്തുന്നു.<br>. ലഘുഗണിത പ്രവർത്തനങ്ങൾക്കുള്ള നമ്പർ കാർഡ്, ഫ്ലാഷ് കാർഡ്, നമ്പർ ചാർട്ട്, സംഖ്യാ പോക്കറ്റ്, സംഖ്യാമാല എന്നിവ തയ്യാറാക്കുന്നു (ഗണിതകിറ്റ്)<br>. <u>ഗണിതകേളികൾ</u><br>. പാമ്പും കോണിയും<br>. ഡൈസ് കളി<br>. ഗണിതപസിൽസ് (മുന്നോക്കക്കാർക്ക്)<br>. പ്രായോഗിക പ്രശ്നങ്ങൾനിർദ്ധാരണം ചെയ്യൽ<br>. ഗണിതോപകരണ നിർമ്മാണം<br>. അബാക്കസ്<br>. ഗണിതരൂപങ്ങളുടെ നിർമ്മാണം<br>. ഗണിതലാബ്<br>. ഗണിതക്വിസ്<br>. അളവുപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രായോഗിക പരിശീലനം<br>. ഐ.സി.ടി. അധിഷ്ഠിത പഠനം<br>. ഗണിതോപകരണ നിർമ്മാണ ശിൽപശാല<br>. ഗണിതമൂല | ജൂൺ രണ്ടാം വാരം<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച് | അധ്യാപകർ<br><br>അധ്യാപകർ<br><br>അധ്യാപകർ | |

# അറബിക്

ഉദ്ദേശ്യം : വായന, എഴുത്ത്, ആശയവിനിമയം, എന്നിവയുടെ സമഗ്രവികസനം

| പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | . പ്രീടെസ്റ്റ്<br>. വിശകലനം<br>. അക്ഷരങ്ങളുറപ്പിക്കൽ<br>. വായനാസാമഗ്രികൾ ശേഖരിക്കൽ<br>. ക്ലാസ് ലൈബ്രറി<br>. അക്ഷരക്കാർഡ് നൽകൽ | ജൂൺ രണ്ടാം വാരം | അധ്യാപകർ | |
| എഴുത്ത് | . പദകാർഡ്<br>. പദനിർമ്മാണം<br>. വാക്യനിർമ്മാണം<br>. പദകേളികൾ<br>. കഥാപൂരണം<br>. കവിതാപൂരണം<br>. വായനക്കുറിപ്പ് തയ്യാറാക്കൽ<br>. നിഘണ്ടു നിർമ്മാണം<br>. വിവരണം തയ്യാറാക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | |
| ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ | . സ്വയം പരിചയപ്പെട്ടു ത്തൽ<br>. ചിത്രകഥാ വായന<br>. ക്വിസ്<br>. റോൾ പ്ലേ<br>. നാടകീകരണം<br>. സംഭാഷണം<br>. കഥ പറയൽ<br>. കവിതാ അവതരണം<br>. അറബി ക്ലബ്ബ്<br>. അറബിക് ഫെസ്റ്റ് | ജൂൺ - മാർച്ച് | | |
| ആശയഗ്രഹണം | . ടീച്ചർ വായന<br>. അമ്മ വായന<br>. കുഞ്ഞു വായന<br>. കഥ,കവിത കേൾപ്പിക്കൽ (ഐ.സി.ടി.)<br>. അറബിക് റേഡിയോ<br>. അറബിക് ചാനലുകൾ കേൾപ്പിക്കൽ<br>. അറബിക് അസംബ്ലി<br>. അറബിക് പ്രസംഗം കേൾപ്പിക്കൽ | ജൂൺ - മാർച്ച് | രക്ഷിതാക്കൾ<br>അധ്യാപകർ | |